# <u>ഗുരുവായൂർ ദേവസ്വം ഭരണ റിപ്പോർട്ട് 2006</u>

ഇത് ഗുരുവായൂർ ദേവസ്വത്തിൻെറ 35-ാമത്തെ ഭരണ റിപ്പോർട്ടാണ്. ഇത് ഭരണസമിതിയും ബഹു. ദേവസ്വം കമ്മീഷണറും അംഗീകരിച്ചിരിക്കുന്നു. ഗുരുവായൂർ ശ്രീകൃഷ്ണ ക്ഷേത്രവും കീഴേടം ക്ഷേത്രങ്ങളും ഉൾപ്പെടെയുള്ള സ്ഥാവരജംഗമ സ്വത്തുക്കൾ ഉൾക്കൊള്ളുന്നതാണ് ഗുരുവായൂർ ദേവസ്വം. ശ്രീ കെ.വി. നമ്പ്യാർ (ചെയർമാൻ), കോഴിക്കോട് സാമൂതിരി പി.കെ. മാനവേദൻ രാജ, ബ്രഹ്മശ്രീ മല്ലിശ്ശേരി പരമേശ്വരൻ നമ്പൂതിരിപ്പാട്, ബ്രഹ്മശ്രീ പി.സി. രാമൻ നമ്പൂതിരിപ്പാട് (തന്ത്രി), സർവ്വശ്രീ അഡ്വ. മുട്ടാർ പി.എൻ.പി. പണിക്കർ, എ.എം. ഗോപാലൻ, ആർ. രാജശേഖരൻ, എൻ.കെ. സുധീർ, വി. ത്രിവിക്രമൻ എന്നിവരാണ് റിപ്പോർട്ട് വർഷത്തെ ഭരണസമിതി അംഗങ്ങൾ.

നടപ്പുവർഷത്തെ ആണ്ടു വിശേഷങ്ങൾ ഭംഗിയായി നടത്തി. ഇടത്തിരികത്ത് കാവിൽ 16-12-2005ന് കൂറയിട്ട് ആരംഭിച്ച കളം പാട്ട് 31-1-2006ന് തലപ്പൊലിയോടെ സമാപിച്ചു. ക്ഷേത്രോത്സവത്തോടനുബന്ധിച്ച സഹസ്രകലശ ചടങ്ങുകൾ 2-3-2006ന് ആരംഭിച്ച് 9-3-2006ന് നടന്ന സഹസ്രകലശാഭിഷേകത്തോടെ അവസാനിച്ചു. 10-3-2006ന് ഉത്സവം, കൊടിയേറി 19-3-2006ന് കൂടിയ ദിവസങ്ങളിലായി വിപുലമായ പരിപാടികളോടെ ആഘോഷിച്ചു. 14-4-2006ന് വിഷുക്കണിയും, വൈശാഖ പുണ്യകാലത്തിൽ ഓഡിറ്റോറിയത്തിൽ ഭക്തി പ്രഭാഷണവും 20-6-2006 മുതൽ 26-6-2006 കൂടിയ ദിവസങ്ങളിൽ ഉപദേവന്മാർക്കുള്ള കലശവും 28-7-2006ന് ഇല്ലം നിറയും 30-7-2006ന് തൃപ്പുത്തരിയും 4-9-2006ന് ഉത്രാടം കാഴ്ചക്കുല സമർപ്പണവും 5-9-2006ന് തിരുവോണ നമസ്ക്കാരവും വിശേഷാൽ പ്രസാദ ഊട്ടും നടത്തുകയുണ്ടായി. 14-9-2006ന് അഷ്ടമിരോഹിണി ദിവസം ശ്രീ കൃഷ്ണാവതാര പാരായണവും വിശേഷാൽ പ്രസാദ ഊട്ടും 23-9-2006 മുതൽ 2-10-2006 കൂടി ഭഗവതി ക്ഷേത്രത്തിൽ നവരാത്രി ആഘോഷവും 01-11-2006 മുതൽ 30-11-2006 കൂടി ഏകാദശി വിളക്കുകളും 01-12-2006ന് ഏകാദശി ദിവസം ദേവസ്വം വക ഉദയാസ്തമയ പൂജയും വിശേഷാൽ പ്രസാദ ഊട്ടും 16-11-2006 മുതൽ 01-12-2006 കൂടി ചെമ്പൈ സംഗീതോത്സവവും ധനുമാസത്തിലെ മുപ്പട്ടു ബുധൻ കുചേല ദിനമായും 14-12-2006 നാരായണീയ ദിനമായും 17-11-2006 മുതൽ 27-12-2006 കൂടിയ മണ്ഡല കാലത്തിൽ അവസാന ദിവസം കളഭാട്ടവും ഭംഗിയായി ആഘോഷിച്ചു. ഭക്തജനങ്ങളുടെ സൗകര്യാർത്ഥം മണ്ഡല മകരവിളക്കു സീസണിൽ ദർശനത്തിനായി പ്രത്യേകം സംവിധാനം ഏർപ്പെടുത്തിയിരുന്നു. ഉരുട്ടി മാറ്റാവുന്ന ഫ്ലൈ ഓവർ സ്ഥാപിച്ച് കിഴക്കേ ഗോപുരം വഴി പ്രവേശിക്കുന്ന ഭക്തജനങ്ങളെ ഫ്ലൈഓവർ വഴി അകത്തേക്ക് പ്രവേശിപ്പിക്കുന്നതിനാൽ മറ്റുള്ളവർക്ക് പ്രദക്ഷിണം വെക്കുന്നതിന് തടസ്സമാവുന്നില്ല. ദേവസ്വം കീഴേടമായ തലക്കോട്ടുകര ശിവക്ഷേത്രത്തിൽ ശിവരാത്രി, പ്രതിഷ്ഠാദിനം, തിരുവാതിര എന്നിവയും അഞ്ഞൂർ അയ്യപ്പൻ കാവിൽ മകരം 1 മുതൽ 10 കൂടി വിശേഷാൽ ചുറ്റുവിളക്കും മകരം 10ന് ഉത്സവ ആഘോഷവും മാങ്ങാഞ്ചിറ മാഹാവിഷ്ണുക്ഷേത്രത്തിൽ അഷ്ടമിരോഹിണി ആഘോഷവും നാരായണംകുളങ്ങര ഭഗവതി ക്ഷേത്രത്തിൽ ഉത്സവം, മണ്ഡലകാലം, വിഷുവേല, നവരാത്രി, ഇല്ലംനിറ, തൃപ്പുത്തരി എന്നിവയും താമരയൂർ ശാസ്താ വിഷ്ണു ക്ഷേത്രങ്ങളിൽ ഉത്സവ പ്രതിഷ്ഠാദിന ആഘോഷങ്ങളും പുന്നത്തൂർ ക്ഷേത്രത്തിൽ നവരാത്രിആഘോഷവും കാവീട് കാർത്ത്യായനി ക്ഷേത്രത്തിൽ വിശേഷാൽ പുഷ്പാഞ്ജലി, മുറജപം, പ്രതിഷ്ഠാദിനം എന്നിവയും നെന്മിനി ക്ഷേത്രങ്ങളിൽ പ്രതിഷ്ഠാദിനം മുറജപം, നവരാത്രി, അഷ്ഠമിരോഹിണി എന്നിവയും വെർമാനൂർ ശിവ ക്ഷേത്രത്തിൽ ശിവരാത്രി, പ്രതിഷ്ഠാദിനം, ഇല്ലം നിറ, തൃപ്പുത്തരി എന്നിവയും പൂന്താനം

ക്ഷേത്രത്തിൽ പൂന്താന ദിനാഘോഷം, അഷ്ടമിരോഹിണി, ഇല്ലം നിറ, തൃപ്പുത്തരി എന്നീ ചടങ്ങുകളും ഭംഗിയായി ആഘോഷിച്ചു.

## ഭരണ വിഭാഗം

റിപ്പോർട്ട് വർഷം 260 ഏക്കർ 42 സെൻറ് .084 ലിങ്ക്സ് സ്ഥലം കൈവശമുണ്ട്. ഭരണം കാര്യക്ഷമമാക്കുന്നതിന് വകുപ്പു തലവന്മാരുടെ പ്രതിമാസ യോഗങ്ങൾ നടത്തി.

## റിക്രൂട്ട്മെൻറ് & ട്രെയിനിംങ് വിഭാഗം

നടപ്പു വർഷം മേൽശാന്തി, സോപാനം കാവൽ, കോയ്മമാർ, സേക്യൂരിറ്റി ഓഫീസർമാർ എന്നീ ഒഴിവുകൾ നികത്തി, വാദ്യ വിദ്യാലയത്തിലെ ഏതാനം വിഭാഗങ്ങളിലേക്ക് പുതിയ ട്രെയിനികളെ തെരഞ്ഞെടുക്കുകയുണ്ടായി.

## സ്യൂട്ട് വിഭാഗം

ബഹു സുപ്രീംകോടതിയിൽ 4, ബഹു കേരള ഹൈക്കോടതിയിൽ 101, തൃശ്ശൂർ സബ് കോടതിയിൽ 67, ചാവക്കാട് മുൻസിഫ് കോടതി 4, ചാവക്കാട് മജിസ്ട്രേറ്റ് കോടതി 1, കൊച്ചി ലീഗൽ സെല്ലിൽ 1, എന്നിങ്ങനെ 178 കേസുകൾ നിലവിലുണ്ട്..

## പർച്ചേയ്സ് വിഭാഗം

ക്ഷേത്രത്തിൽ വഴിപാട് ലഭിച്ച ഇനങ്ങൾ ലേലം ചെയ്യതിലൂടെ 32 ലക്ഷത്തോളം രൂപയും പാർക്കിംഗ് ഗ്രൗണ്ട്, കംഫർട്ട് സ്റ്റേഷൻ തുടങ്ങിയവയുടെ ലേലത്തിലൂടെ 41 ലക്ഷത്തോളം രൂപയും ലഭിക്കുകയുണ്ടായി. വഴിപാടായി ലഭിച്ച മാരുതി ഓംനി വാൻ ആംബുലൻസായി ഉപയോഗിക്കുന്നു.

## മതഗ്രന്ഥശാല

റിപ്പോർട്ട് വർഷം 12 പേർ അംഗങ്ങളായി ചേർന്നു. വാങ്ങിയതും വഴിപാട് ലഭിച്ചതുമായി 934 പുസ്തകങ്ങൾ കൂടി കാറ്റലോഗിൽ ചേർത്തു.

## ശുചീകരണ വിഭാഗം.

കീട നാശിനികൾ തളിച്ചു റോഡ്, കാന മുതലായവ കഴുകിയും ശുചീകരണം കാര്യക്ഷമമാക്കി. വേനൽക്കാലം മുഴുവൻ സൗജന്യ ചുക്കുവെള്ള വിതരണവും നടത്തുകയുമുണ്ടായി.

## ജീവധനം വിഭാഗം

ദേവസ്വത്തിൽ 63 ആനകളുണ്ട്. പ്രതീകാത്മകമായി നടയിരുത്തിയ വഴി 15 ലക്ഷം രൂപയും, എഴുന്നെള്ളിപ്പിനയച്ചതു വഴി 55 ലക്ഷത്തോളം രൂപയും, മറ്റുവകയിൽ 40 ലക്ഷത്തോളം രൂപയും, ലഭിച്ചു. പുന്നത്തൂർകോട്ട അന്തരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്ന പ്രവൃത്തികൾ നടന്നു വരുന്നു.

## വേങ്ങാട് ഗോകുലം വൃന്ദാവനം എസ്റ്റേറ്റ്.

റിപ്പോർട്ട് വർഷത്തിൽ 1000 കന്നുകാലികളെ ഇവിടെ സംരക്ഷിച്ചുവരുന്നു

## മരാമത്ത് വിഭാഗം.

കാവീട് വേദപാഠശാലയുടെ പ്രവൃത്തി പൂർത്തീകരിച്ച് ഉദ്ഘാടനത്തിന് സജ്ജമായി. തുലാഭാരം കൗണ്ടറിൻെറ പ്രവൃത്തി പൂർത്തിയായി. മിനി ഗോശാലയുടെ പ്രവൃത്തി നടന്നുവരുന്നു. ക്ഷേത്രകലാസമുച്ചയ നിർമ്മാണത്തിനുള്ള പദ്ധതി സമർപ്പിച്ചിട്ടുണ്ട്.

## ഇലക്ട്രിക്കൽ വിഭാഗം

റിപ്പോർട്ട് വർഷത്തെ ഉത്സവത്തിനു മുൻപായി ക്ഷേത്രക്കുളത്തിലെ ഫിൽട്ടർ പ്ലാൻറിൻെറ അറ്റകുറ്റപണികൾ നിർവ്വഹിക്കുകയും വാട്ടർ അതോറിറ്റിയിൽനിന്നും വെള്ളം വാങ്ങി ഉത്സവം ആറാട്ടു സമയത്ത് ക്ഷേത്രക്കുളത്തിലെ ജലനിരപ്പ് ഉയർത്തുകയും ചെയ്തു.. സത്രം ഓഡിറ്റോറിയത്തിൻെറ വൈദ്യുതീകരണ പ്രവൃത്തികൾ അന്തിമഘട്ടത്തിലെത്തിയിട്ടുണ്ട്.

## പ്രസിദ്ധീകരണവിഭാഗവും പുസ്തകശാലയും.

നടപ്പുവർഷം ഡയറി, കലണ്ടർ, പഞ്ചാംഗം എന്നിവ തയ്യാറാക്കി ചുരുങ്ങിയ വിലയിൽ വിതരണം ചെയ്തു. ഏകാദശിയോടനുബന്ധിച്ച് ഭക്തപ്രിയ വിശേഷാൽ പതിപ്പ് തയ്യാറാക്കി. സാംസ്ക്കാരിക പരിപാടികൾ പൂർവ്വാധികം ഭംഗിയായി നടത്തി.

## ഫിനാൻസ്

ഭണ്ഡാരം വരവായി 56 കി.915 ഗ്രാം സ്വർണ്ണവും, 175 കി. 061 ഗ്രാം വെള്ളിയും 19,11,12,176/- ക.യും ലഭിക്കുകയുണ്ടായി. തുലാഭാരം വരവായി 72 കി.765 ഗ്രാം സ്വർണ്ണവും 30 കി. 885 ഗ്രാം വെള്ളിയും എൻേറാവ്മെൻറ് ഇനത്തിൽ 1,19,54,243/- ക. യും ലഭിച്ചു. റിപ്പോർട്ട് വർഷത്തിൽ ആകെ 78,33,05,562/- ക. സ്ഥിര നിക്ഷേപം നടത്തിയിട്ടുണ്ട്.

## അക്കൗണ്ട്സ് വിഭാഗം

റിപ്പോർട്ട് വർഷം ദേവസ്വത്തിന് 75,88,86,923/ രൂപ വരവും അത്രയും തുക തന്നെ ചെലവും ഉണ്ടായി.

## ചുമർചിത്രപഠനകേന്ദ്രം

അന്തർദേശീയ ശ്രദ്ധ പിടിച്ചുപറ്റി.ക്കൊണ്ടിരിക്കുന്ന ഈ സ്ഥാപനം കലാസാംസ്ക്കാരിക രംഗത്ത് സജ്ജീവമായി പ്രവർത്തിച്ചു വരുന്നു. ധാരാളം വിശിഷ്ട വ്യക്തികൾ ഈ പഠനകേന്ദ്രം സന്ദർശിച്ചു.

## കൃഷ്ണനാട്ടം.

വാർഷിക കച്ചകെട്ട് അരങ്ങേറ്റം, കൃഷ്ണഗീതി ദിനം എന്നിവ ആഘോഷിച്ചു. വി.ആർ. കൃഷ്ണൻ നമ്പൂതിരിയെ മാനവേദ സുവർണ്ണമുദ്ര നൽകി ആദരിച്ചു. . ഭക്ത ജനഹിതം പരിഗണിച്ച് എല്ലാ ദിവസവും കൃഷ്ണനാട്ടം നടത്തുന്നതിന് സംവിധാനമുണ്ടാക്കി.

## വാദ്യവിദ്യാലയം.

വിവിധ വിഷയങ്ങളിലായി പഠനം നടത്തിയിരുന്ന വിദ്യാർത്ഥികൾക്ക് കോഴ്സ് അവസാനിച്ചു. ഇവർക്ക് പരീക്ഷയും അരങ്ങേറ്റവും നടത്തി. റെഗുലേഷനിലെ വ്യവസ്ഥകൾക്ക് വിധേയമായി പുതിയ വിദ്യാർത്ഥികളെ തെരഞ്ഞെടുത്തു.

## റസ്റ്റ് ഹൗസുകൾ.

പാഞ്ചജന്യത്തിലേയും കൗസ്തുഭത്തിലേയും മുറികൾ ചുരുങ്ങിയ നിരക്കിൽ ഭക്തജനങ്ങൾക്ക് നൽകി വരുന്നു. ഏകരായി ഗുരുവായൂരിലെത്തുന്നവർക്ക് സത്രം – 2ൽ സൗകര്യമൊരുക്കുന്നു. ഗസ്റ്റ് ഹൗസിൻെറ പ്രാധാന്യവും അന്തസ്സും നിലനിർത്തുംവിധം പരാതികൾക്കിട വരുത്താതെ പരിപാലിച്ചുവരുന്നു.

## മേൽപ്പത്തൂർ സ്മാരക ആയുർവേദ ആശുപത്രി

ആതുര ശുശ്രൂഷ രംഗത്ത് സേവനം നൽകുന്ന ഇവിടെ ചികിത്സ തേടിയെത്തിയവരിൽ 60,000 ത്തോളം പേർക്ക് മരുന്ന് വിതരണം ചെയ്തിട്ടുണ്ട്.

## ഗുരുവായൂർ ദേവസ്വം മെഡിക്കൽ സെൻറർ

ഒ.പി., ഐ.പി. വിഭാഗങ്ങൾക്ക് പുറമെ 24 മണിക്കൂറും പ്രവർത്തിക്കുന്ന അത്യാഹിത വിഭാഗവും, ലാബ്, എക്സറെ, ഫാർമസി, ഇ.സി.ജി., ആംബുലൻസ് എന്നീ സൗകര്യങ്ങളും ഈ ആശുപത്രിയിൽ ഏർപ്പെടുത്തിയിട്ടുണ്ട്.16 ഡോക്ടർമാരും ആനുപാതികമായി അനുബന്ധ പ്രവൃത്തിക്കാരും ജോലി ചെയ്തുവരുന്നു.

## ശ്രീകൃഷ്ണ കോളേജ്

കോളേജിൽ 1545 വിദ്യാർത്ഥികളുണ്ട്. ഉന്നത വിജയശതമാനവുമായി ഈ സ്ഥാപനം നല്ല നിലയിൽ പ്രവർത്തിക്കുന്നു.

## ഗുരുവായൂർ ദേവസ്വം ഇംഗ്ലീഷ് മീഡിയം സ്കൂൾ

+2 സൗകര്യമുള്ള ഇവിടെ 1410 കുട്ടികൾ പഠിക്കുന്നു. ഉന്നത പഠന നിലവാരം പുലർത്തുന്നു.

## ശ്രീകൃഷ്ണ ഹയർ സെക്കണ്ടറി സ്കൂൾ

യു പി വിഭാഗത്തിൽ 316 വിദ്യാർത്ഥികളും ഹൈസ്കൂൾ വിഭാഗത്തിൽ 1349 വിദ്യാർത്ഥികളും ഹയർ സെക്കണ്ടറി വിഭാഗത്തിൽ 557 വിദ്യാർത്ഥികളും ഇവിടെ പഠിക്കുന്നു. സ്റ്റാഫ് കൗൺസിൽ, പി.ടി.എ. എന്നിവ സ്തുത്യർഹമായ സേവനം അനുഷ്ഠിച്ചുവരുന്നു. വിശദമായ ഭരണ റിപ്പോർട്ട് ദേവസ്വം ഓഫീസിൽ സൂക്ഷിച്ചിട്ടുള്ളതും ആർക്കും പരിശോധിക്കാവുന്നതുമാണ്.

## ഉപസംഹാരം.

നിരവധി വിശിഷ്ട വ്യക്തികളടക്കം പരസഹസ്രം ഭക്തജനങ്ങൾ സന്ദർശിക്കുന്ന ഗുരുവായൂരിൻെറ സമഗ്ര വിക്സനത്തിനായി ഭരണ സമിതിയും ഉദ്യോഗസ്ഥരും അനവരതം പ്രയത്നിക്കുന്നു. ശ്രീ ഗുരുവായൂരാപ്പൻെറ അനുഗ്രഹാശിസ്സുകൾ ഏവർക്കും ഉണ്ടാകട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

ഒപ്പ്
വി.രതീശൻ,
അഡ്മിനിസ്ട്രേറ്റർ,
ഗുരുവായൂർ ദേവസ്വം.